പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 853 28.09.2011-ൽ മറുപടിയ്ക്ക്

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെ അതിക്രമങ്ങൾ നടന്നാൽ കുറ്റക്കാർക്കെതിരെ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമ നിവാരണ) നിയമം, 1989 പ്രകാരവും മറ്റു വകുപ്പുകൾ പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് സമയബന്ധിതമായി അന്വേഷണം നടത്തി മാതൃകാപരമായ ശിക്ഷ ലഭിക്കുന്നതിന് കേസ് കോടതിയിൽ സമർപ്പിച്ച് നിയമപരമായ നടപടികൾ സ്വീകരിച്ചു വരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ആവാസ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ജില്ലാ തലത്തിലും സർക്കിൾ തലത്തിലുമുള്ള പട്ടികജാതി -പട്ടികവർഗ്ഗ മോണിറ്ററിംഗ് കമ്മിറ്റികളുടെ നേതൃത്വത്തിൽ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുകയും പോലീസ് സൂപ്രണ്ട്/ ഡെപ്യൂട്ടി സൂപ്രണ്ട് തലത്തിൽ അദാലത്തുകൾ നടത്തി പരാതികളിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. അതിക്രമങ്ങൾ സംബന്ധിച്ച് ജില്ലാ തലത്തിൽ |

വിജിലൻസ് ആൻറ് മോണിറ്ററിംഗ് കമ്മിറ്റികൾ കൂടി അവലോകനം നടത്തുകയും ചെയ്യുന്നു. പരാതികളിൻമേൽ പോലീസ് അധികാരികൾ കേസ് രജിസ്റ്റർ ചെയ്ത് എഫ്.ഐ.ആർ ലഭ്യമാക്കുന്ന മുറയ്ക്ക് ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി ധനസഹായം അനുവദിച്ചു വരുകയും ചെയ്യുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗവിഭാഗക്കാർക്കെതിരെയുള്ള പീഡനങ്ങളുടെയും അതിക്രമങ്ങളുടെയും പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) 81 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ നിയമാനുസരണ നടപടികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കാതിരിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) എങ്കിൽ അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

(ഡി) ബാധകമല്ല

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

M. Ranjith

സെക്ഷൻ ഓഫീസർ.